# ഭാരതം: വിവേകാനന്ദന് മുൻപും പിൻപും

കെ.ജി. പൗലോസ്

'His writings have tauget me to love India more' - Gandhiji

1

19-ാം നൂറ്റാണ്ടിന് ഭാരതത്തിന്റെ ചരിത്രത്തിൽ സവിശേഷമായ പ്രാധാന്യമുണ്ട്. ഭൂമിശാസ്ത്രപരമായി ഇന്നത്തേതുപോലുള്ള ഇന്ത്യ എന്ന സങ്കല്പം രൂപപ്പെട്ടത് അക്കാലത്താണ്. പ്രാചീനകാലം മുതൽ ആര്യാവർത്തമെന്ന പേരിലറിയപ്പെട്ടിരുന്ന ഭാരതവർഷം വിന്ധ്യയ്ക്കും ഹിമവാനുമിടയിലുള്ള നദീതടമായിരുന്നു. ഇന്ത്യയിൽ പിൽക്കാലത്തുണ്ടായ സാമ്രാജ്യങ്ങൾ - മൗര്യഗുപ്തമുഗൾ ഭരണങ്ങൾ - ദക്ഷിണേന്ത്യയിലേയ്ക്കോ പൂർവോത്തരദേശങ്ങളിലേയ്ക്കോ വ്യാപിച്ചിരുന്നില്ല.

ആയിരത്തിൽ താഴെ കൊച്ചുകൊച്ചുനാടുകളായിരുന്നു ഇന്ത്യ. ഓരോ നാടിനും ഒരു നാടുവാഴി, ഒരു പരദേവത, ദേശഭാഷ - ഇതായിരുന്നു അവസ്ഥ. പരസ്പരം കൊന്നും കൊടുത്തും നാട്ടുപ്രമാണിമാരുടെ പിൻബലത്തിൽ ഇവർ നാടുവാണു. പ്രജകൾ പൊന്നുതിരുമേനിമാരുടെ തിരുനാളാഘോഷിച്ചും ഓരോ നാടിന്റെയും പെരുമകൾ പാടിയും കാലംകഴിച്ചു. താൻ ഭാരതീയനാണെന്ന് ഒരിടത്തും വിദ്യാർത്ഥികൾ പഠിച്ചിരുന്നില്ല, അത്തരമൊരു സങ്കല്പത്തിൽ അഭിമാനപൂരിതരുമായിരുന്നില്ല. കാരണം, അങ്ങനെയൊരു സങ്കല്പം അന്നില്ലായിരുന്നു.

ഇംഗ്ലീഷുകാർ ഇവിടെ വന്നത് കച്ചവടം ചെയ്യാനുള്ള ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രവർത്തകരായിട്ടാണ്. മെല്ലെ മെല്ലെ ഈ നാടുവാഴികളുടെ അഹന്തയും അല്പത്തവും മുതലെടുത്ത് അവർ ഭരണകാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. നാടുവാഴികൾക്ക് നഷ്ടമുണ്ടായാൽ അവർ സംഘടിക്കുമെന്ന് കമ്പനിക്ക് മനസ്സിലായത് 1857-ലാണ്. അതോടെ ഇന്ത്യയുടെ ഭരണം രാജ്ഞി നേരിട്ട് ഏറ്റെടുക്കുകയും ഇന്ത്യയെ ഒരു കോളനി ആക്കി മാറ്റുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണം ആദ്യമായി ചെയ്തത് ഏകീകൃതമായൊരു കേന്ദ്രഭരണം ഈ ഭൂഖണ്ഡത്തിലുറപ്പാക്കുയായിരുന്നു. അവരുടെ കച്ചവടതാത്പര്യങ്ങൾക്ക് അതാവശ്യമായിരുന്നു. റെയിൽവേ, തപാൽ തുടങ്ങിയവ നടപ്പാക്കിയതോടെ സഞ്ചാരസൗകര്യങ്ങൾ വർദ്ധിക്കുകയും കാശ്മീരം മുതൽ കന്യാകുമാരിവരെയും മറാത്ത മുതൽ ബർമ്മവരെയും സഞ്ചരിക്കാൻ ആർക്കും സൗകര്യമുണ്ടാവുകയും ചെയ്തു. ബ്രിട്ടീഷ് ഇന്ത്യ എന്ന ഏകീകൃതമായൊരു സത്ത രൂപപ്പെട്ടു. ഭരണപരമായി മുഴുവൻ നാടുവാഴികളെയും ചൊൽപിടിയിലാക്കുക മാത്രമല്ല അവർ ചെയ്തത്, അവരുടെ രീതികളും ഭാഷയും സംസ്കാരവും ഇവിടെ

നടപ്പാക്കുകയും ചെയ്തു. കടൽ കടന്നാൽ ഭ്രഷ്ടരാക്കുന്ന നാടുവാഴികൾക്ക് ഇതൊന്നും മനസ്സിലായില്ല, തങ്ങളുടെ വിലക്ക് മറികടന്ന് പലരും കടൽകടന്ന് ബിലാത്തിയിൽ പോയി പഠിച്ച് തിരിച്ച് വന്ന് നാടൻധ്വരമാരായി വിലസാനും തുടങ്ങി. ആദ്യമിതവരെ ഞെട്ടിച്ചു. പിന്നീടാണ് പ്രതികരിച്ചത്.

ഇന്ത്യ അതിന്റെ ചരിത്രത്തിൽ ആദ്യമായൊരു സ്വത്വപ്രതിസന്ധി നേരിടുകയായിരുന്നു. തങ്ങൾ മുറുകെപ്പിടിക്കുന്ന യാഥാസ്ഥിതികധാരണകളും വിദേശഭരണാധികാരികൾ പ്രചരിപ്പിക്കുന്ന വ്യത്യസ്തരീതികളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മൂന്നുതരത്തിലാണ് ഭാരതം ഇതിനോട് പ്രതികരിച്ചത്. ഒരുകൂട്ടർ ഈ പുതിയരീതികളെ കഠിനമായി എതിർത്തു, പൗരാണിക ഗ്രന്ഥങ്ങളിലെ സൂത്രങ്ങൾ പൊടിതട്ടിയെടുത്ത് നഖശിഖാന്തം പുതുകാര്യങ്ങളെ തിരസ്കരിച്ചു. രണ്ടാമതൊരു കൂട്ടർ, വിശേഷിച്ചും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർ, പ്രാചീനമായതിനെ ഒക്കെ തള്ളി, തങ്ങളുടെ പൂർവ്വികർ മുഴുവൻ അപരിഷ്കൃതരും അന്ധവിശ്വാസികളുമാണെന്ന് പ്രഖ്യാപിച്ചു. മൂന്നാമതൊരു വിഭാഗം ഇരുഭാഗത്തുമുള്ള നന്മകൾ തെരഞ്ഞെടുത്ത് അവയെ സ്വീകരിക്കണമെന്നും തിന്മകളെ തിരസ്കരിക്കണമെന്നും വാദിച്ചു. ഇന്ത്യക്കാരും പാശ്ചാത്യരും തമ്മിലുള്ള സംഘർഷമെന്നതിനപ്പുറവും പ്രാക്തനവും നവീനവുമായ ആശയങ്ങൾ തമ്മിലുള്ള സംഘർഷമായി ഈ പുതിയ സാഹചര്യത്തെ കാണമമെന്നാണ് അവർ  വാദിച്ചത്. പഴമയത്തിൽ അഭിരമിക്കുന്നവരും പുതുമയിൽ അന്ധാളിക്കുന്നവരും തമ്മിലൊരു സമവായമുണ്ടാക്കാനാണ് ഇവർ ശ്രമിച്ചത്. ഇവരാണ് നവോത്ഥാനത്തിന് വഴിതുറന്നത്. ഇന്ത്യയിൽ അതാരംഭിച്ചത് ബ്രിട്ടീഷ് ഭരണത്തിന്റെ സിരാകേന്ദ്രമായ കൽക്കത്തയിൽ നിന്നാണ്. 19-ാം നൂറ്റാണ്ടിലാണ് ഈ ശ്രമങ്ങൾക്ക് മൂർത്തരൂപം വന്നത് എന്നതുകൊണ്ടാണ് ഈ കാലഘട്ടം ഇന്ത്യയുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവായി മാറിയത്.

നവോത്ഥാനത്തിന്റെ പിതാവ് എന്ന് സാധാരണ വിശേഷിപ്പിക്കാറുള്ള രാജാറാം മോഹൻറായ് (1772-1833) കൽക്കത്തയിലാണ് ജീവിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസവും ആധുനികധാരണകളും അദ്ദേഹത്തിനുണ്ടായിരുന്നു. അവ നൽകിയ ശാസ്ത്രീയബോധമാണ് റായിയുടെ ചിന്തകളെ നയിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രികമാക്കുകയാണ് ഇന്ത്യയെ നവീകരിക്കാനുള്ള ഏകമാർഗ്ഗം എന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അത് സാദ്ധ്യമാക്കണമെങ്കിൽ സമൂഹത്തെ പരിഷ്കരിക്കണം. സതി, ബാലവിവാഹം തുടങ്ങിയ അനാചാരങ്ങൾ തുടച്ചുമാറ്റണം. ഈ ലക്ഷ്യങ്ങൾ സാധിക്കാനാണ് അദ്ദേഹം 1828-ൽ ബ്രഹ്മസമാജം സ്ഥാപിച്ചത്.

രണ്ടുവ്യക്തിത്വങ്ങളുണ്ടായിരുന്നു മോഹൻറായിയിൽ - കുടുംബപശ്ചാത്തലം നൽകിയ യാഥാസ്ഥിതികത്വം, പാശ്ചാത്യവിദ്യാഭ്യാസം നൽകിയ ആധുനികത. ഇവരണ്ടും സമന്വയിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

തുടർന്നു വന്ന ദയാനന്ദസരസ്വതി (1824-1883) റോയിയിൽ നിന്ന് വ്യത്യസ്തമായ സമീപനമാണ് പലകാര്യങ്ങളിലും സ്വീകരിച്ചത്. സ്ത്രീകളുടെ വിദ്യാഭ്യാസം, വിധവകളുടെ പുനർവിവാഹം തുടങ്ങിയ പരിഷ്കരണ ശ്രമങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയായിരുന്നു. 1875-ൽ അദ്ദേഹം സ്ഥാപിച്ച ആര്യസമാജം മുഖ്യമായും ഊന്നിയത് പ്രതിരോധത്തിലാണ്. ഹിന്ദുക്കളിൽ നിന്ന് ഇസ്ലാമിലേയ്ക്കും ക്രിസ്തുമതത്തിലേയ്ക്കുമുള്ള ഒഴുക്ക് തടയുകയും പോയവരെ തിരിച്ചുകൊണ്ടുവരികയുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. അദ്ദേഹം രചിച്ച സത്യാർത്ഥപ്രകാശമാണ് ആര്യസമാജത്തിന്റെ ആധാരഗ്രന്ഥം. ഇസ്ലാം, ക്രൈസ്തവം, ബൗദ്ധം, ജൈനം എന്നീ ചിന്തകളെ നിശിതമായി വിമർശിക്കുകയും ഹിന്ദുധർമ്മത്തിന്റെ മഹത്ത്വം ഉയർത്തിപ്പിടിക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. 'വേദത്തിലേയ്ക്ക് മടങ്ങുക' എന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം.

ദയാനന്ദസരസ്വതിയുടെ സമകാലികനായിരുന്നു ശ്രീരാമകൃഷ്ണപരമഹംസർ (1836-1886). ആത്മീയമായ അനുഭവമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. എല്ലാമതങ്ങളും ഈശ്വരസാക്ഷാത്ക്കാരത്തിനുള്ളതാണെന്ന് അദ്ദേഹം വിശ്വസിച്ചു. ലക്ഷ്യം സാക്ഷാത്കാരമാണ്. അതിലെത്താൻ സ്വീകരിക്കുന്ന വഴിയേതെന്നതിൽ വഴക്കുവേണ്ട. പുരയുടെ പുറത്തെത്തണം. കല്പ്പടവുകളിയൂടെയാവാം, മരപ്പടികളിലൂടെയാവാം, മുളവെട്ടി കോണികെട്ടാം, ഒന്നുമല്ലെങ്കിൽ കയറിൽപിടിച്ചുകയറാം. ലക്ഷ്യം മുകളിലെത്തുകയാണ്. ഏത് വഴിയിലൂടെയെന്നത് പ്രസക്തമല്ല. എല്ലാ മതങ്ങളും നയിക്കുന്നത് ഈശ്വരനിലേക്കാണ്.

അതീന്ദ്രിയമായ അനുഭവങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഇംഗ്ലീഷ് ക്ലാസ്സിൽ അദ്ധ്യാപകൻ trans എന്ന പദത്തിനർത്ഥം പറയുമ്പോഴാണ് നരേന്ദ്രൻ പരമഹംസരെപ്പറ്റി ആദ്യമായി കേൾക്കുന്നത്. ആ വാക്കിന്റെ അർത്ഥമറിയാൻ ആ മഹാഗുരുവിനെ കണ്ടാൽമതി എന്നാണ് അദ്ധ്യാപകൻ വില്യം ഹേസ്റ്റി പറഞ്ഞത്. സംശയത്തോടെ നരേന്ദ്രൻ ഗുരുവിനെ കണ്ടു. നരേന്ദ്രൻ ചോദിച്ചു - 'മഹാശയാ, അങ്ങ് ഈശ്വരനെ കണ്ടിട്ടുണ്ടോ?' 'കുഞ്ഞേ ഞാൻ ഈശ്വരനെകാണുന്നുണ്ട്, നിന്നേക്കാൾ വ്യക്തമായിട്ട്'. ആ ഗുരുവിന്റെ മഹാസംഭാവനയാണ് സ്വാമിവിവേകാനന്ദൻ!

2

രാജാറാംമോഹൻ റായിക്ക് ശേഷം 30 വർഷം കഴിഞ്ഞാണ് വിവേകാനന്ദൻ (1863-1902) ജനിക്കുന്നത്. ദയാനന്ദസരസ്വതി ആര്യസമാജം സ്ഥാപിക്കുമ്പോൾ അദ്ദേഹത്തിന് 12 വയസ്സേ ഉള്ളൂ. എങ്കിലും കൽക്കത്തയുടെ ധൈഷണികാന്തരീക്ഷം ഇവരുടെ ചിന്തകളെക്കൊണ്ടു നിറഞ്ഞിരുന്നു. ഈശ്വരചന്ദ്രവിദ്യാസാഗറുടെ വിദ്യാലയത്തിലാണ് ആ ബാലൻ പഠിച്ചത്. കുടുംബത്തിലെ ധൈഷണികാന്തരീക്ഷവും അദ്ദേഹത്തിന്റെ ചിന്തകളെ രൂപപ്പെടുത്തുന്നതിൽ വലിയപങ്കുവഹിച്ചിട്ടുണ്ട്.

മാത്രവുമല്ല, ലോകഗതിയും മാറികൊണ്ടിരുന്നു. അനേകം പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്രീയമായ ചിന്തകൾ. 1848-ൽ കാറൾ മാക്സ് തന്റെ മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചു, വരാൻ പോകുന്ന ഭരണാധിപത്യത്തിനായി കാത്തിരിക്കാൻ തൊഴിലാളികളോട് ആഹ്വാനം ചെയ്തു. 1862 ഡാർവിന്റെ പരിണാമചിന്തകൾ പുറത്തുവന്നു. സമൂഹത്തിന്റെ പരിണാമചരിത്രമായിരുന്നു ആദ്യത്തേത്, ജീവികളുടെ പരിണാമത്തിന്റെ ചരിത്രമായിരുന്നു ഡാർവിന്റേത്. അനേകം പുതിയ ആശയങ്ങൾ ലോകചിന്തയെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ബ്രഹ്മസമാജത്തിനോ ആര്യസമാജത്തിനോ എത്തിപ്പെടാൻ പറ്റാത്തത്ര ഉയരത്തിലായിരുന്നു, വിവേകാനന്ദന്റെ കാലഘട്ടത്തിലെ വൈജ്ഞാനികലോകം. അവർക്കിരുവർക്കുമില്ലാതിരുന്ന ഒരു സ്വാതന്ത്ര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ജനനം കൊണ്ട് പൗരോഹിത്യവിഭാഗത്തിന്റെ പരിമിതിയിൽനിന്ന് മുക്തനായിരുന്നു അദ്ദേഹം. ഗുരുവിനോടുള്ള ഭക്തി ഒന്നുമാത്രമാണ് അദ്ദേഹത്തെ മുന്നോട്ട് നയിച്ചത്.

നവോത്ഥാനകാലത്തിനൊത്തവിധം മതത്തെയും ഈശ്വരനെയും പറ്റിയുള്ള സങ്കല്പങ്ങളെ നവീകരിക്കുക എന്ന ദൗത്യമാണ് ചരിത്രം അദ്ദേഹത്തിലർപ്പിച്ചത്. എല്ലാമതങ്ങൾക്കും മൂന്ന് തലങ്ങളുണ്ട്- ഒന്ന്, ദാർശനികതലം. ആത്യന്തികമായ ഒരുസത്തയേപ്പറ്റിയുള്ള വിശകലനമാണിത്. രണ്ട്, മിത്തുകളാണ്. ദാർശനികതലത്തെ വ്യക്തമാക്കാൻ സ്വീകരിക്കുന്ന ഉദാഹരണങ്ങൾ. ഇതിൽ അതിശയോക്തിയും അതിഭാവുകത്വവും ഉണ്ടാകും. തത്ത്വചിന്തയുടെ ഭാവനാത്മകമായ ആവിഷ്കരണങ്ങളാണവ. മൂന്ന്, അനുഷ്ഠാനങ്ങൾ. എല്ലാമതങ്ങൾക്കും അതാതിന്റേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. അത് രൂപപ്പെട്ടുവന്ന സമൂഹത്തിന്റെ വിശ്വാസങ്ങളോട് ബന്ധപ്പെട്ടതാണവ. മതങ്ങളെ വ്യത്യസ്തങ്ങളാക്കുന്ന ഘടകങ്ങളിവയാണ്. ഈ ഭേദങ്ങളുയർത്തിപ്പിടിച്ചാണ് മതങ്ങൾ പോരടിക്കുന്നത്. തന്റേത് മാത്രമാണ് ശരി എന്നവർ ബഹളം വെയ്ക്കുന്നു. മതഭ്രാന്തന്മാരാവുന്നു. നാം തിരിച്ചറിയേണ്ടത് മതങ്ങളിൽ മാത്രമല്ല, മനുഷ്യരിലുമുണ്ട് വ്യത്യാസങ്ങൾ - കറുത്തവനുണ്ട്, വെളുത്തവനുണ്ട്, കുറിയവനുണ്ട്. ഈ ഭേദങ്ങൾക്കിടയിലും മനുഷ്യൻ എന്ന പൊതുധർമ്മം എല്ലാവരിലുമുണ്ട്. അതുതന്നെയാണ് മതത്തിലും. ആചാരങ്ങൾക്കും കെട്ടുകഥകൾക്കുമപ്പുറം മതത്തിന് ഒരാത്മാവുണ്ട്. അത് മാനവികതയിലും സ്നേഹത്തിലും അധിഷ്ഠിതമാണ്. ഒരു ചരടിൽ പലതരം മുത്തുകൾ കോർത്തിരിക്കുന്നു. മുത്തുകൾക്ക് ഭേദമുണ്ടാകാം. പക്ഷേ എല്ലാം ഒരു ചരടിൽതന്നെയാണ്. ഇക്കാര്യം ഗ്രഹിച്ചാൽ അസഹിഷ്ണുത ഇല്ലാതെയാവും മതമാത്സര്യങ്ങൾ മറക്കും. മതം മനുഷ്യനെ ഒരുമിപ്പിക്കാനാണ്, വേർതിരിക്കാനുള്ളതല്ല.

ഇതിൽനിന്നുരുത്തിരിയുന്നത് വിശ്വമാനവികത, വിശ്വസാഹോദര്യം എന്നീ മൂല്യങ്ങളാണ്. തന്റെ സങ്കല്പത്തിലുള്ള ഒരുമതത്തെ അദ്ദേഹം നിർമ്മിച്ചെടുത്തു, അതാണ് ഹിന്ദുയിസം. അതുവരെ, ദേശത്തിന്റെ പേരായിട്ടാണ് ഹിന്ദു എന്ന പദം പ്രയോഗിച്ചിരുന്നത്. Hindu

Law, Hindu Mathematics എന്നെല്ലാം. Greek Mathematics എന്നു പറയുന്ന പോലെയാണത്. മതത്തോട് ചേർത്ത് ആ പദത്തെപ്രയോഗിച്ചത് വിവേകാനന്ദനാണ്. അദ്ദേഹം അതിനെ നിർവചിച്ചതിങ്ങനെയാണ് - 'By Hinduism I mean the religion of the Vedas.'

വൈദികചിന്തകൾക്ക് വൈജ്ഞാനികതലമുണ്ട്, അതാണ് ഉപനിഷത്തുകളിലൂടെ പ്രകടമാകുന്നത്. അനുഷ്ഠാനതലമുണ്ട് - യാഗങ്ങളുടെയുമൊക്കെ നടത്തിപ്പുമായി ബന്ധപ്പെട്ടത്. ഈ തലമാണ് പിന്നീട് പൗരോഹിത്യമായും വർണ്ണവ്യവസ്ഥകളുമായൊക്കെ രൂപപ്പെട്ടത്. തന്റെ മതസങ്കല്പത്തിൽനിന്ന് കർമ്മകാണ്ഡത്തെ നിരാകരിക്കുകയും പൗരോഹിത്യത്തെ ഒഴിവാക്കുകയും ചെയ്യുക വഴി മതഭേദങ്ങൾക്കിടയാക്കുന്ന അനുഷ്ഠാനങ്ങൾക്കും കഥകൾക്കും അപ്പുറം ഏവർക്കും സ്വീകരിക്കാവുന്ന മതത്തിന്റെ ആത്മാവിനെ ആവിഷ്കരിക്കുകയുമാണ് വിവേകാനന്ദൻ ചെയ്തത്. ഇക്കാര്യത്തിൽ ആധുനികയുഗത്തിലെ യാജ്ഞവല്ക്യനാണ് സ്വാമിവിവേകാനന്ദൻ.

വൈദികചിന്തയിൽതന്നെ വേദാന്തമാണദ്ദേഹം മതത്തിന്റെ ആത്മാവായി സ്വീകരിച്ചത്. അദ്ദേഹത്തെസംബന്ധിച്ച് പരബ്രഹ്മം എന്നത് പുറത്തുള്ള ഒരുശക്തിയല്ല. ഓരോരുത്തന്റെയും ഉള്ളിൽ മയങ്ങിക്കിടക്കുന്ന ശക്തിയാണത്. ഊർജ്ജമാണത്. അന്തശ്ചൈതന്യത്തെ ഉണർത്തുകയാണ് ബ്രഹ്മസാക്ഷാത്കാരത്തിന് ഒരുവൻചെയ്യേണ്ടത്– 'ഉദ്ധരേത് ആത്മനാത്മാനം'. അപ്പോഴാണ് സ്വന്തം ശക്തി ഒരുവൻ തിരിച്ചറിയുന്നത്, ഉറക്കമുണർന്ന സിംഹത്തെപ്പോലെ അവൻ സടകുടഞ്ഞെഴുന്നേൽക്കുന്നതും. മതം ചെയ്യുന്നത് ഈ ആത്മവിശ്വാസം ഉണർത്തുകയാണ്. വനാന്തരങ്ങളിൽ തപസ്സനുഷ്ഠിക്കുന്നതല്ല, വേദാന്തത്തിന്റെ ധർമ്മം. തന്നിലുള്ള ചൈതന്യത്തെ ഉണർത്തി ഉന്മുഖനാക്കുകയാണ് വേദാന്തം ചെയ്യുന്നത്. ദൈവം പുറത്തുനിന്നു വരികയല്ല, തന്നിലുള്ള ദൈവികതയെ വ്യക്തി ഉണർത്തുകയാണ്. 'ഹിന്ദുയിസം' എന്ന വിവേകാനന്ദന്റെ നിർമ്മിതി, വ്യക്തിയിലെ സ്വത്വത്തിന്റെ ആവിഷ്കാരമാണ്. അത് ഹിന്ദുവിനും ക്രിസ്ത്യാനിക്കും മുസ്ലീമിനും പാഴ്സിക്കുമൊക്കെ ഒരുപോലെയാണ്. വിശ്വമാനവികതയിൽ അധിഷ്ഠിതമാണത്. തന്റെ മതബോധത്തെ വിവേകാനന്ദൻ നിർവചിക്കുന്നതിങ്ങനെയാണ്.

'If one religion is true, then all the others also must be true. We Hindus does not merely tolerate, we unite ourselves with every religion praying in the mosque of Mohammedans, worshipping before the fire of Zorastrian, kneeling to the cross of the Christian. We know that all religions are but so many attempts of the human soul to grasp and realise the infinite'

'ഹിന്ദുയിസം' എന്ന ഈ പുതിയ മതബോധത്തെ ലോകത്തിന് സംഭാവന ചെയ്തതാണ് വിവേകാനന്ദന്റെ ഏറ്റവും വലിയ സംഭാവന. ചിക്കാഗോവിലെ ലോകമതസമ്മേളനത്തിൽ അദ്ദേഹമിത് പ്രഖ്യാപിച്ചു.

'ഞങ്ങൾ സാർവജനീനസഹിഷ്ണുതയിൽ വിശ്വസിക്കുക മാത്രമല്ല, സർവ്വമത ങ്ങളും സത്യമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഞാനുൾപ്പെട്ട മതത്തിന്റെ തിരുമൊഴിയായ സംസ്കൃതത്തിലേയ്ക്ക് exclusion (ഒഴിച്ചുനിർത്തൽ) എന്ന പദം പരിഭാഷപ്പെടുത്താൻ നിവൃത്തിയില്ല എന്ന് എനിക്ക് നിങ്ങളെ അറിയിക്കു ന്നതിൽ അഭിമാനമുണ്ട്.'

സ്വന്തം മതത്തിന്റെ കേമത്തം വിളംബരം ചെയ്യാൻ തിങ്ങിക്കൂടിയ ഏഴായിരങ്ങളെ സ്വാമിജി ഞെട്ടിച്ചതും ലോകത്തിന്റെ മുൻപിൽ ഒരു കോളനിരാജ്യത്തിന്റെ ശിരസ്സുയർത്തിപ്പിടിച്ചതും ഈ പ്രഖ്യാപനത്തിലൂടെയാണ്.

മറ്റു പലരെയും പോലെ ആധുനികവത്ക്കരണത്തെയും ഇംഗ്ലീഷ്പഠനത്തെയും സ്വാമിജി എതിർത്തില്ല. എന്നാൽ പാശ്ചാത്യവത്ക്കരണത്തെ എതിർത്തു. പാശ്ചാത്യവത്ക്കരണവും ആധുനികവത്ക്കരണവും ഒന്നാണെന്ന് കരുതി നിരാകരിക്കുന്നവരാണ് അധികം പേരും. ആ ചതിയിൽ വീഴാതിരുന്നതുകൊണ്ട് എന്നും ആധുനികനാവാൻ സ്വാമിജിക്ക് കഴിഞ്ഞു.

3

രാഷ്ട്രീയകാര്യങ്ങൾ സ്വാമിജിക്ക് അറിയാമായിരുന്നു. വിദേശികൾ നാടിനെ കൊള്ളചെ യ്യുന്നതിനെപ്പറ്റി അദ്ദേഹത്തിന് ഉത്ക്കണ്ഠ ഉണ്ടായിരുന്നു. എങ്കിലും രാഷ്ട്രീയത്തിൽ സ്വാ മിജി നേരിട്ട് ഇടപെട്ടില്ല. മാത്രവുമല്ല, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 1885 – ൽ സ്ഥാപി ച്ചിട്ടേയുള്ളൂ. അന്നതൊരു സ്വാതന്ത്ര്യസമരസംഘടയായി മാറിയിട്ടുമില്ല. എങ്കിലും സ്വാത ന്ത്ര്യസമരത്തിന് ഏറ്റവും വലിയ സംഭാവന നൽകിയത് സ്വാമിജിയാണ്. രണ്ടു തരത്തി ലാണ് അദ്ദേഹത്തിന്റെ സ്വാധീനം പ്രയോജനപ്പെട്ടത്. ഒന്ന്, ഭാരതീയരെ അകർമ്മണ്യത യുടെ ജാഡ്യത്തിൽനിന്ന് സ്വാമിജി വിളിച്ചുണർത്തി സമരോത്സുകരാക്കി. 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശം' എന്ന് പ്രഖ്യാപിക്കാൻ തിലകന് ആത്മബലം നൽകിയത് 'ഉത്തി ഷ്ഠത, ജാഗ്രത' എന്ന ആഹ്വാനമാണ്. സ്വാമിജിയുടെ രണ്ടാമത്തെസംഭാവന, ചിന്നിച്ചിത റിക്കിടന്ന ഭാരതീയരെ സർവ്വമതസമഭാവനയെന്ന മന്ത്രത്തിലൂടെ ഒരു നൂലിൽ കോർക്കാൻ കഴിഞ്ഞുവെന്നതാണ്. ഈ രണ്ടാമത്ത കാര്യം സമർത്ഥമായി പ്രയോജനപ്പെടുത്തിയത് മഹാത്മാഗാന്ധിയാണ്.

മോഹൻദാസ് ജനിക്കുമ്പോൾ (1869) നരേന്ദ്രന് ഏഴുവയസ്സ് പ്രായം ഉണ്ടായിരുന്നു. 1902 – ൽ സമാധിയാകുമ്പോഴൊക്കെ ഗാന്ധിജിയുടെ പ്രവർത്തനമണ്ഡലം ഭാരതമായിരുന്നില്ല. എങ്കിലും, ഭരതത്തിൽ തിരിച്ചെത്തി പൊതുരംഗത്ത് സജീവമാകുമ്പോഴേയ്ക്കും വിവേകാ നന്ദന്റെ പ്രവർത്തനങ്ങളെ അദ്ദേഹം അടുത്തറിഞ്ഞിരുന്നു. 1921 – ൽ ബേലൂർമഠത്തിൽ സ്വാമിജിയുടെ മുറി സന്ദർശിച്ച ശേഷം അദ്ദേഹം അഭിമാനത്തോടെ പറഞ്ഞത് 'His writings had taught me to love India more' എന്നാണ്. ആകെ അദ്ദേഹത്തിനുണ്ടായിരുന്ന പരാതി നിസ്സഹരണപ്രസ്ഥാനത്തോട് രാമകൃഷ്ണാശ്രമം സഹകരിക്കുന്നില്ല എന്നതുമാ

ത്രമായിരുന്നു. ഗാന്ധിജി കോൺഗ്രസ്സിന്റെ നേതൃത്വമേറ്റെടുക്കുമ്പോൾ അത് മിക്കവാറും ഉപരിവർഗസവർണസമൂഹത്തിന്റെ ഒരു കൂട്ടായ്മ ആയിരുന്നു. ദയാനന്ദസരസ്വതിയുടെ മനോഭാവമായിരുന്നു അവർക്ക് സമൂഹത്തോടുണ്ടായിരുന്നത്. കോൺഗ്രസ്സിനെ ബ്രിട്ടീഷുമാർക്കെതിരെ പൊരുതാൻ കെല്പുള്ള സമരസംഘടനയായി മാറ്റണമെങ്കിൽ മാറിനിൽക്കുന്ന മുസ്ലീങ്ങളുടെയും പിന്നോക്കക്കാരുടെയും സർവ്വജനവിഭാഗത്തിന്റെയും പിന്തുണ ആർജിക്കണമെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. വിവേകാനന്ദൻ മുന്നോട്ടുവെച്ച സർവ്വമത ഭാവനയിൽ നിന്നേ പുതിയൊരു ഭാരതത്തെ കെട്ടിപ്പടുക്കാൻ കഴിയൂ എന്ന് ഗാന്ധിജിക്ക് വ്യക്തമായി. അതുകൊണ്ടാണ് ഖിലാഫത്ത് സമരം കോൺഗ്രസ്സ് ഏറ്റെടുത്തത്. മുസ്ലീങ്ങൾ കോൺഗ്രസ്സിനോടടുത്തത് അങ്ങനെയാണ്. ഭാംഗികളെ സൃഷ്ടിച്ച ഉപരിവർഗ്ഗത്തോടുള്ള സ്വാമിജിയുടെ അമർഷം ഉൾക്കൊണ്ടാണ് കീഴാളരെ ഉൾപ്പെടുത്താൻ ഹരിജനോദ്ധാരണപ്രവർത്തനങ്ങൾ കോൺഗ്രസ്സ് പരിപാടിയുടെ ഭാഗമാക്കിയത്. എല്ലാ മതത്തിലും ജാതിയിലും പെട്ടവരെ ഉൾപ്പെടുത്തി മേൽകീഴ് വ്യത്യാസമില്ലാതെ ഭാരത്തിന്റെ ഒരു പരിച്ഛേദമാക്കി കോൺഗ്രസ്സിനെ മാറ്റാൻ ഗാന്ധിജിക്ക് പ്രചോദനം നൽകിയത് സ്വാമിജിയാണ്.

ആധുനിക ഭാരതത്തിന്റെ സ്വത്വബോധം സ്വാമിവിവേകാനന്ദൻ സൃഷ്ടിച്ചതാണ്. സുഭാഷ് ചന്ദ്രബോസ് അഭിമാനിച്ചത് Swami Vivekananda is the maker of modern India എന്നായിരുന്നു. രവീന്ദ്രനാഥടാഗോർ, റൊമയ്ൻ റോളണ്ടിനോട് പറഞ്ഞു – 'If you want ot know India, study Vivekananda'. സ്വാമിജി സൃഷ്ടിച്ച ഭാരതത്തെ സാക്ഷാൽക്കരിക്കാനാണ് സ്വാതന്ത്ര്യസമരഭടന്മാർ ത്രിവർണ്ണപതാകയേന്തിയത്. സ്വാതന്ത്ര്യം കിട്ടിയപ്പോൾ സർവ്വമതസമഭാവന പുലർത്തുന്ന ജനാധിപത്യ റിപ്പബ്ലിക്കായി ഭാരതത്തെ പുനഃസൃഷ്ടിക്കാൻ പ്രചോദനമായത് സ്വാമിജിയുടെ ദർശനമാണ്. ബോസും നെഹ്രുവും പട്ടേലും ഉൾപ്പെടെയുള്ള സ്വാതന്ത്ര്യസമരനേതാക്കളുടെ എല്ലാവരുടേയും മനസ്സിലെ ഭാരതസങ്കല്പങ്ങൾ സ്വാമിജി വർണം പകർന്നവയായിരുന്നു. സ്വാമിജിയുടെ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ നമ്മുടെ ഭരണഘടന മനുസ്മൃതിയുടെ പരിഷ്കരിച്ച പതിപ്പാകുമായിരുന്നു!

കേരളത്തെപ്പറ്റിക്കൂടി ഈ പ്രകരണത്തിൽ ഓർക്കേണ്ടതുണ്ട്. നാം ഏറെ അഭിമാനിക്കുന്ന കേരളീയ നവോത്ഥാനത്തിന് സ്വാമിജി നൽകിയ സംഭാവനകൾ വളരെ വലുതാണ്. വിദേശത്തേയ്ക്ക് പോകുന്നതിന് മുൻപ് പരിവ്രാജകകാലത്തായിരുന്നു സ്വാമിജിയുടെ കേരളവുമായുള്ള ബന്ധം ആരംഭിച്ചത്. മൈസൂരിൽ ഒരാഴ്ചക്കാലത്തോളം സ്വാമിജിയുടെ ആതിഥേയനാവാൻ ഡോ. പല്പുവിന് സൗകര്യം ലഭിച്ചു. കേരളം ജാതിക്കുശുമ്പിന്റെ പേരിൽ അടിച്ചോടിച്ച പല്പു അന്ന് അവിടെ മെഡിക്കൽ ഓഫീസർ ആയിരുന്നു. കേരളത്തിലെ കീഴ്ജാതിക്കാരനനുഭവിക്കുന്ന അയിത്തത്തിന്റെ കൊടുംക്രൂരത വിവേകാനന്ദൻ അറിഞ്ഞത് പല്പുവിൽ നിന്നാണ്. സ്വാമിജിയുടെ നിർദ്ദേശമനുസരിച്ചാണ് ഡോ. പല്പു കേരളത്തിലെത്തി ശ്രീ നാരായണഗുരുവിന്റെ നേതൃത്വത്തിൽ എസ്. എൻ. ഡി. പി. യോഗം ആരംഭി

ച്ചത്. യോഗത്തിന്റെ മുഖപത്രത്തിനിട്ട പേര് വിവേകോദയം എന്നായിരുന്നു. വിവേകാനന്ദന്റെ ആശയങ്ങൾ ആശാനെ അത്യധികം സ്വാധീനിച്ചിട്ടുണ്ട്.

ഡോ. പല്പുവുമായുള്ള ബന്ധമാണ് 1892 – ൽ ഡിസംബറിൽ കേരളം സന്ദർശിക്കുവാൻ സ്വാമിജിയെ പ്രേരിപ്പിച്ചത്. മൈസൂരിൽ നിന്ന് ഷൊർണൂരിലിറങ്ങി കൊടുങ്ങല്ലൂർ, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, കന്യാകുമാരി വഴി രാമേശ്വരത്തേയ്ക്ക് പോവുകയായിരുന്നു അദ്ദേഹം. കന്യാകുമായിയിലെ വിവേകാനന്ദപ്പാറ ആ സന്ദർശനത്തിന്റെ സ്മാരകമായി നിലകൊള്ളുന്നു. ബ്രിട്ടീഷ് പാർലമെന്റിൽ കേരളത്തിലെ കീഴാളപ്രശ്നങ്ങളെപ്പറ്റി ചോദ്യങ്ങൾ ഉന്നയിക്കാൻ സ്വാമിജി നേരിട്ടും സിസ്റ്റർ നിവേദിത മുഖേനയും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് സ്വാമിജി നൽകിയ പ്രചോദനം വലുതായിരുന്നു. ഇതെല്ലാം മനസ്സിലുള്ളതുകൊണ്ടാണ് 1913 – ൽ കേരളത്തിലെ ആദ്യത്തെ ശ്രീരാമകൃഷ്ണാശ്രമത്തിന്റെ പ്രതിഷ്ഠാകർമ്മം നിർമ്മലാനന്ദസ്വാമി നിർവ്വഹിച്ചപ്പോൾ മുതൽ വിവേകാനന്ദപ്രസ്ഥാനത്തോട് കേരളിയർ അത്യാദരവ് പ്രകടിപ്പിക്കുന്നത്.

ആത്മീയതയിലെ ആധുനികതയുടെ നായകരാണ് വിവേകാനന്ദനും ഗാന്ധിജിയും ശ്രീനാരായണനും. മൂവരും മതബോധത്തെ മാനവികതയോട് സമന്വയിപ്പിച്ചു.

4

2014 – ൽ അമേരിക്ക സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്രമോഡിക്ക് പ്രസിഡന്റ് ബാരക്ക് ഒബാമ വിശിഷ്ടമായൊരു ഉപഹാരം നൽകി – ചിക്കാഗോ പാർലമെന്റിൽ ലോകനേതാക്കൾ ചെയ്ത പ്രസംഗങ്ങളുൾക്കൊള്ളുന്ന 1200 പേജുള്ള മഹദ്ഗ്രന്ഥം. പ്രസംഗത്തോടൊപ്പം സ്വാമിജിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ് – ‘the Indian man who intoduced Hinduism and Yoga to the United States and spread a message of religious tolerance around the world’ ചിക്കാഗോവിന്റെ മതപാർലിമെന്റ് നടന്ന സ്ഥലത്തിനടുത്തുള്ള റോഡ് ‘സ്വാമി വിവേകാനന്ദ വേ’ എന്ന് പുനർനാമകരണം ചെയ്ത് സ്വാമിജിയോടുള്ള ആദരവ് പ്രകടിപ്പിച്ചിട്ടുണ്ട്, അമേരിക്ക.

ലോകം മുഴുവൻ സ്വാമി വിവേകാനന്ദനെ ആദരിക്കുകയും അദ്ദേഹത്തിന്റെ സംഭാവനകളെ ഉൾപ്പുളകത്തോടെ ഓർമ്മിക്കുകയും ചെയ്യുന്നു. അദ്ദേഹം ആവിഷ്കരിച്ച സർവ്വമതസമഭാവനയാർന്ന ‘ഹിന്ദുയിസം’ ഇവിടെ നിലനിൽക്കുമോ ആവോ ?

---

കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.